# 'നീര'യിലൂടെ കേരകർഷകരെ രക്ഷിക്കണം

**കേരള മുഖ്യമന്ത്രിക്ക് 45 ലക്ഷം തെങ്ങുകർഷകരെ പ്രതിനിധീകരിച്ച് ഫാർമേഴ്സ് റിലീഫ് ഫോറം ചെയർമാൻ എ.സി. വർക്കിയും കർഷകരുടെ കാര്യങ്ങളിൽ തല്പരരായ പൗരകേരളത്തെ പ്രതിനിധീകരിച്ച് ഡോ. എം. ഗംഗാധരൻ, കെ. വേണു, സിവിക് ചന്ദ്രൻ, റോണി ജോസഫ് എന്നിവരും ചേർന്ന് സമർപ്പിച്ച നിവേദനം.**

തിരുവനന്തപുരം
21 ജൂലൈ 2005

വിഷയം : നീര ചെത്താനുള്ള കർഷകരുടെ അവകാശം അംഗീകരിക്കുക.

സൂചന : 1. പലതവണ ഫാർമേഴ്സ് റിലീഫ് ഫോറമടക്കമുള്ള കർഷക സംഘടനകൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ
2. കേരള ഹൈക്കോടതിയിൽ ഇതുസംബന്ധമായി സമർപ്പിക്കപ്പെട്ടിട്ടുള്ള ഹർജി
3. നീര ചെത്താനനുവദിച്ചുകൊണ്ടുള്ള കർണാടക സർക്കാരിന്റെ ഉത്തരവ്, 27-10-2001

സർ,

ഞങ്ങളിൽ ചിലരടങ്ങുന്ന സംഘം ഈയിടെ കർണാടക സംസ്ഥാനത്ത് പോയിരുന്നു. നീര ചെത്താനുള്ള കർഷകരുടെ അവകാശമുന്നയിക്കുന്ന ഫാർമേഴ്സ് റിലീഫ് ഫോറം കോഴിക്കോട് കേന്ദ്രീകരിച്ച് ഗാന്ധിയന്മാരുമായും തൃശൂർ കേന്ദ്രീകരിച്ച് ചെത്തുതൊഴിലാളി യൂണിയനുകളുമായും നടത്തിക്കൊണ്ടിരിക്കുന്ന ഡയലോഗിന്റെ ഭാഗമായിരുന്നു ഈ യാത്ര. അപ്പോഴായിരുന്നു കർണാടക ചീഫ് സെക്രട്ടറിയായിരുന്ന തെരേസാഭട്ടാചാര്യയുടെ ഈ ചോദ്യം:

കേരളത്തിലിനിയും നീര ചെത്താനനുവാദമില്ലെന്നോ? കേരളത്തിലെ കർഷക സമരം കണ്ടാണ് നഞ്ചുണ്ട സ്വാമി കർണാടകത്തിൽ സമരമാരംഭിച്ചത് നിങ്ങൾ കണ്ടില്ലേ. കർണാടകത്തിൽ വഴിനീളെ തെങ്ങിൻ തോപ്പുകളിൽ നീരാ പാർലറുകൾ?

കർണാടകയിലെ ശ്രീ. എം.എസ്. കൃഷ്ണയുടെ കോൺഗ്രസ് സർക്കാർ ചെയ്യുന്നത് കേരള സർക്കാർ നടപ്പിലാക്കുന്നതിന് മടിച്ചു നിൽക്കുന്നതെന്തിന്? ഇതു സംബന്ധമായി ഐക്യജനാധിപത്യമുന്നണി ഒരു ഉപസമിതിയെ നിയോഗിക്കുകയും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സൈസ് നിയമത്തിൽ അല്പം അയവു വരുത്തുകയും ചെയ്തു എന്നത് ശരി തന്നെ. പക്ഷെ അതുകൊണ്ടായില്ല. എക്സൈസ് നിയമത്തിന്റെ പരിധിയിൽനിന്ന് നീരയെ ഒഴിവാക്കുകയും നീര ചെത്താൻ നിരുപാധികം അനുവദിക്കുകയുമാണ് വേണ്ടത്. എന്നാലേ ഈ രംഗത്ത് കർഷകർക്കനുകൂലമായ വലിയൊരു മാറ്റം സാധ്യമാകൂ.

നീര ചെത്താനനുവദിച്ചാൽ ഓരോ വീടും കള്ളുഷാപ്പാവുമെന്ന് മദ്യനിരോധന സമിതിക്കാരും തങ്ങളുടെ തൊഴിലവസരം നഷ്ടപ്പെടുമെന്ന് ചെത്തു തൊഴിലാളികളും ഭീതി പ്രകടിപ്പിക്കുമെന്നത് അവാസ്തവമാണ്. ഇതു സംബന്ധമായി പ്രാഥമികമായി ചില ഡയലോഗുകൾ ഞങ്ങളുടെ നേതൃത്വത്തിൽ തന്നെ ഇതിനിടെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു സമവായം സാധ്യമാകുമെന്നു തന്നെയാണ് ഞങ്ങളാശിക്കുന്നത്.

കർണാടകത്തിലും കേരളത്തിലേതുപോലെത്തന്നെ ശക്തമായ ഒരബ്കാരി ലോബിയുണ്ട്. അവിടെയും കള്ളുഷാപ്പ് ലേലമുണ്ട്. എന്നാൽ കള്ളുഷാപ്പിൽത്തന്നെയും നീര വില്ക്കുന്നു. പ്രത്യേക നീരാ പാർലറുകളിൽ നീര വില്ക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ചെറിയ കുടിലുകൾ കെട്ടി നീര വിൽക്കുന്നു. വീടുകളിൽത്തന്നെ നീര വില്ക്കുന്നു. പ്രത്യേകമായൊരു സദാചാര പ്രശ്നവും ക്രമസമാധാന പ്രശ്നവും ഇതുമൂലം സൃഷ്ടിക്കപ്പെട്ടിട്ടില്ല.

ഇതു സംബന്ധമായി ഞങ്ങളിൽ മൂന്നുപേർ ചേർന്നെഴുതിയ ഒരു ലേഖനം ഇതോടൊപ്പമുണ്ട്. ഇതിന്നിടെ നടന്ന ഡയലോഗിന്റെ വിശദവിവരങ്ങളടങ്ങിയ ഫയലും. ഇവയിലൂടെ ഒന്ന് കടന്നുപോകുമല്ലോ. സർക്കാരിന് പ്രതിവർഷം ആയിരം കോടി അധികവരുമാനവും ചെത്തു തൊഴിലാളികൾക്ക് 10 ലക്ഷം പുതിയ തൊഴിൽ സാധ്യതകളും 45 ലക്ഷം തെങ്ങ് കർഷകർക്ക് ഒരു തെങ്ങിൽ നിന്ന് 6000 ക. വീതം അധിക വരുമാനവും മലയാളികൾക്ക് ആരോഗ്യകരമായൊരു ശീതളപാനീയവും സർവ്വോപരി നീരയിൽനിന്നുള്ള മൂല്യവർധിത വിഭവങ്ങളുടെ വലിയ വ്യവസായ സാധ്യതകളും വാഗ്ദാനം ചെയ്യുന്ന ഒരു ധീരമായ നടപടി ഐക്യജനാധിപത്യ സർക്കാരിൽ നിന്നുണ്ടാവണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. അതിന്നായി അപേക്ഷിക്കുന്നു.

**നീര ചെത്താൻ കർഷകരെ അനുവദിക്കുക-തെങ്ങ് വർഷത്തിൽ കർഷക കേരളത്തിന്റെ നിവേദനം :**
ബന്ധങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും : പാഠഭേദം, കസ്റ്റംസ് റോഡ്, കോഴിക്കോട് - 32.